# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

## അദ്ധ്യാപക സഹായി

### സ്റ്റാൻഡേർഡ് – 8

# സഭ ദൈവത്തിന്റെ ജനം

*Prepared & Published by*

**SYRO-MALABAR CATECHETICAL CENTRE**
**MOUNT ST. THOMAS, KAKKANAD, KOCHI- 30**

*Title :*
**SABHA DAIVATHINTE JANAM**
**(Malayalam)**

*Text Prepared & Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCHI-30

*Printed at*

Year of Publication 2011
Price : Rs. 15/-

# ആമുഖം

നിങ്ങൾ നന്നേ ചെറുപ്പത്തിൽ മതബോധനക്ലാസ്സിൽ പഠിച്ചിരുന്ന നാളുകളെക്കുറിച്ച് ഓർമ്മിക്കുവാൻ കഴിയുമോ? അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവയെല്ലാം ഇന്ന് നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികൾക്കും നൽകേണ്ടതല്ലേ? സൺഡേ സ്കൂളിൽ നിന്ന് നിങ്ങൾക്ക് ഉണ്ടായിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയില്ലേ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും നൽകണ്ടേ?

അക്കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയ കാര്യങ്ങൾ ഓർക്കുന്നുണ്ടോ? മതബോധനത്തിലുള്ള താൽപര്യം കുറയ്ക്കുന്ന എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? എങ്കിൽ അവയൊന്നും നമ്മുടെ കുട്ടികൾക്ക് ഉണ്ടാകാതെ നോക്കേണ്ടതല്ലേ?

നിങ്ങളുടെ മുന്നിലിരിക്കുന്ന എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് ശരിയായ വിശ്വാസപരിശീലനം നൽകാനുള്ള പരിശ്രമത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ട്.

ഒപ്പം മറ്റൊരു കാര്യവും കൂടി ഓർമ്മിക്കണം. കാലം മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും അനുഭവങ്ങളിലും അഭിരുചികളിലും മാറ്റങ്ങൾ ഏറെയുണ്ട്. അതു പരിഗണിച്ചാലേ മതിയാവൂ. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് മതബോധനത്തിന്റെ ലക്ഷ്യം. അതിന് ഉപകരിക്കുന്ന പുതിയ പാഠപുസ്തകമാണ് നിങ്ങൾക്ക് പഠിപ്പിക്കാനുള്ളത്. പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അദ്ധ്യാപകസഹായിയാണ് നിങ്ങളുടെ കയ്യിലുള്ളത്. കഴിവുകൾ വളർത്തിയും കുറവുകൾ പരിഹരിച്ചും നല്ലൊരു അദ്ധ്യാപകൻ/ അദ്ധ്യാപിക ആയിത്തീരാൻ ഇതു നിങ്ങളെ സഹായിക്കും.

# അദ്ധ്യാപകസഹായി എന്ത്? എന്തിന്?

## ഒരു അദ്ധ്യാപക സഹായി

1/12 പാഠപുസ്തകത്തിന്റെ അനുബന്ധമാണ്

1/12 അദ്ധ്യാപകന്റെ വഴികാട്ടിയാണ്

1/12 പാഠങ്ങളുടെ വ്യാഖ്യാന രൂപമാണ്

ഒരു അദ്ധ്യാപകസഹായി പലവിധത്തിൽ അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് ഉപകരിക്കുന്നു:

➢ പാഠങ്ങൾ ശരിയായി മനസ്സിലാക്കാൻ
➢ പാഠങ്ങൾ നേരായ മാർഗ്ഗത്തിൽ പഠിപ്പിക്കാൻ
➢ പാഠങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ സ്വയം ദൂരീകരിക്കാൻ
➢ കുട്ടികളുടെ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
➢ ക്ലാസ്സിലെ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
➢ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ
➢ പാഠപുസ്തകം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ
➢ അധിക വിവരങ്ങൾ ശേഖരിക്കാൻ
➢ സ്വന്തം അദ്ധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
➢ പുതിയ പാഠപുസ്തകത്തിന്റെ സമീപനം ഉൾക്കൊണ്ടു നടപ്പിലാക്കാൻ

**അദ്ധ്യാപനവുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന ചോദ്യങ്ങളുണ്ട്**

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

വിശ്വാസപരിശീലനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരും ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതാണ്.

**1. വിശ്വാസപരിശീലനം എന്തെന്ന് അറിയണം.**

മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുവാൻ സഹായിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസത്തിന്റെ അറിവിലേക്കും അനുഭവത്തിലേക്കും ജീവിതത്തി

ലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുകയാണ് ശരിയായ വിശ്വാസപ രിശീലനം. "മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റു നോവനുഭവിക്കുന്നു" എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാ വണം വിശ്വാസപരിശീലനത്തിന്റെ പ്രചോദനഹേതു.

## 2. കുട്ടികളെ അറിയണം

നാം പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടി കൾക്കാണ്. അവരെ നാം ശരിയായി മനസ്സിലാക്കണം. കുട്ടിക ളുടെ പ്രായം, പ്രകൃതം, കഴിവുകൾ, കുറവുകൾ, താൽപര്യങ്ങൾ, സാധ്യതകൾ എന്നിവയെല്ലാം അറിയണം.

കുട്ടികളുടെ കഴിവുകളെക്കുറിച്ച് ഒന്നോർത്തു നോക്കൂ. അവർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

- ചിരിക്കാൻ
- കരയാൻ
- ചിന്തിക്കാൻ
- കാണാൻ
- കേൾക്കാൻ
- ഓടാൻ
- ചാടാൻ
- കളിക്കാൻ
- സംസാരിക്കാൻ ... ഇങ്ങനെ ഒത്തിരിയൊത്തിരി കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിച്ചാലോ? ഏതൊക്കെ വിധത്തിലുള്ള സംസാരരീതികൾ കുട്ടികൾ ക്ലാസ്സിൽ പ്രകടിപ്പിക്കും? നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ കുട്ടികൾക്ക് ചെയ്യാനുള്ള കഴിവുണ്ട്? അവയൊന്ന് നമുക്ക് കുറിച്ചുവയ്ക്കാം.

$\frac{1}{12}$ കഥ പറയാൻ
$\frac{1}{12}$ പാട്ടുപാടാൻ
$\frac{1}{12}$ ചോദ്യം ചോദിക്കാൻ
$\frac{1}{12}$ ഉത്തരം പറയാൻ
$\frac{1}{12}$ വിശേഷങ്ങൾ പങ്കുവയ്ക്കാൻ
$\frac{1}{12}$ അറിയാവുന്ന കാര്യങ്ങൾ വിവരിക്കാൻ
$\frac{1}{12}$ ഭാവനാപരമായി ചിന്തിച്ചുപറയാൻ
$\frac{1}{12}$ സംഭവങ്ങളെക്കുറിച്ച് വിവരിക്കാൻ
$\frac{1}{12}$ പരാതികൾ പറയാൻ

- നിർദ്ദേശങ്ങൾ ഉന്നയിക്കാൻ
- ചിത്രം നോക്കി ആശയം പറയാൻ...

**കളിക്കാൻ ഇഷ്ടപ്പെടുന്ന കുട്ടികൾക്ക് അതിലൂടെ സാധിക്കുന്ന ഒത്തിരികാര്യങ്ങളുണ്ട്. അവ എന്തൊക്കെയാവാം?**

- നിർദ്ദേശങ്ങൾ മനസ്സിലാക്കാൻ
- നിയമങ്ങൾ അനുസരിക്കാൻ
- നിയമം തെറ്റിച്ചാൽ പ്രതികരിക്കാൻ
- തെറ്റുകൾ തിരുത്താൻ
- സന്തോഷം പ്രകടിപ്പിക്കാൻ
- വികാരങ്ങൾ പ്രകടിപ്പിക്കാൻ
- സംഘമായി പ്രവർത്തിക്കാൻ
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടാൻ....

കുട്ടികളെക്കുറിച്ച് അറിയാൻ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. അദ്ധ്യാപകൻ/അദ്ധ്യാപിക അവയെല്ലാം അറിഞ്ഞിരുന്നാൽ അദ്ധ്യാപനം കൂടുതൽ അർത്ഥവത്താകും.

കുട്ടികളെ മനസ്സിലാക്കാൻ അദ്ധ്യാപകരെ സഹായിക്കുന്ന പല മാർഗ്ഗങ്ങളുണ്ട്.

- ☐ കുട്ടികളുമായുള്ള ഇടപെടൽ
- ☐ സൂക്ഷ്മനിരീക്ഷണം
- ☐ ശിശുമനഃശാസ്ത്രത്തിലുള്ള അറിവ്
- ☐ അത്തരം പുസ്തകങ്ങളുടെ വായന

## 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം... ഇങ്ങനെയൊരു പുതിയ സാഹചര്യത്തിൽ പുത്തൻപഠനരീതികൾ നാം കുട്ടികൾക്ക് നൽകണം. അദ്ധ്യാപനത്തിൽ നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കണം.

നേരത്തെ നാം കണ്ടതുപോലെ നാനാതരം കഴിവുകൾ ഓരോ കുട്ടിയിലുമുണ്ട്. അവ യഥോചിതം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഠനസമ്പ്രദായമാണ് വേണ്ടത്. കളിക്കാനും പ്രവർത്തിക്കാനും ഉത്സാഹമുള്ള കുട്ടികൾക്ക് നാം അതിനവസരം നൽകണം. ഈ വിചാരത്തോടെയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

കേൾക്കാൻ മാത്രമല്ല, പറയാനും കാണാനും വരയ്ക്കാനും എഴുതാനും കളിക്കാനും ഒക്കെ പറ്റിയ നിരവധി പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലുണ്ട്. അവയൊന്നും നിസ്സാരങ്ങളല്ല. ലളിതമാണെങ്കിലും ഓരോ പ്രവർത്തനത്തിലൂടെയും നമ്മുടെ വിശ്വാസത്തിന്റെ വിവിധ അംശങ്ങളാണ് കുട്ടികൾ നേടുന്നത്. ഈശോയെയും അവിടുന്ന് നൽകുന്ന രക്ഷയേയും കുട്ടികൾക്ക് നൽകാനുള്ള പരിശ്രമത്തിൽ. കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും നാം ഉപയോഗിക്കേണ്ടതാണ്. അതിനുവേണ്ടി പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ വിശ്വാസപരിശീലകർ തയ്യാറാകണം. ഇക്കാര്യത്തിൽ അദ്ധ്യാപകർക്ക് ഒരളവുവരെ സഹായമേകാൻ ഈ അദ്ധ്യാപക സഹായിക്കു കഴിയും. കിട്ടാവുന്ന ഇടങ്ങളിൽ നിന്നൊക്കെ അദ്ധ്യാപനരീതികളിലുള്ള അറിവും പരിചയവും അദ്ധ്യാപകൻ നേടിയെടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

## പ്രവർത്തനങ്ങളുടെ സവിശേഷതകൾ

വിശ്വാസപരിശീലനക്ലാസ്സിൽ അവതരിപ്പിക്കുന്ന ഏതു പ്രവർത്തനവും വിജയിക്കണമെങ്കിൽ അതിന് ചില സവിശേഷതകൾ ഉണ്ടാകണം. എങ്കിലേ അതുകൊണ്ട് ഫലം കിട്ടുകയുള്ളൂ.

എന്തൊക്കെയാവും ആ സവിശേഷതകൾ?

പഠനത്തിനുവേണ്ടി നാം നൽകുന്ന ഒരു പ്രവർത്തനം-

$\frac{1}{12}$ കുട്ടികളിൽ താൽപര്യം ഉണ്ടാക്കുന്നത്

$\frac{1}{12}$ കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്

$\frac{1}{12}$ കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നത്

$\frac{1}{12}$ ഒരു ലക്ഷ്യത്തെ മുൻനിറുത്തിയുള്ളത്

$\frac{1}{12}$ വിഷയവുമായി ബന്ധമുള്ളത്

$\frac{1}{12}$ സമയബന്ധിതമായി ചെയ്യാവുന്നത്

$\frac{1}{12}$ കുട്ടികളുടെ നിലവാരത്തിന് യോജിക്കുന്നത്

$\frac{1}{12}$ കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്

$\frac{1}{12}$ അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് വിലയിരുത്തുവാൻ കഴിയുന്നത് ആയിരിക്കണം.

പാഠപുസ്തകത്തിലെയും അദ്ധ്യാപകസഹായിയിലെയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകുമ്പോഴും പുതിയ പ്രവർത്തനങ്ങൾ അദ്ധ്യാപകർ കണ്ടെത്തുമ്പോഴും ഇപ്പറഞ്ഞ സവിശേഷതകൾ ഓർമ്മയിൽ സൂക്ഷിക്കണം.

## അദ്ധ്യാപകൻ/അദ്ധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അതു തുടക്കത്തിലെ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.

2. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽ വച്ചുമാത്രം ചെയ്യാനുള്ളതാണ്. ഇക്കാര്യം മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ നിർദ്ദേശാനുസരണം മാത്രമേ കുട്ടി പാഠപുസ്തകം ഉപയോഗിക്കാവൂ.

3. കുട്ടികൾക്ക് വീട്ടിൽ വച്ച് ചെയ്യാനുള്ള അധിക പ്രവർത്തനങ്ങൾ നൽകാവുന്നതാണ്. അത് വ്യക്തമായി പറഞ്ഞുവിടണം. അങ്ങനെ വരയ്ക്കാനും എഴുതുവാനും ചിത്രങ്ങൾ ഒട്ടിക്കാനുമൊക്കെ പ്രത്യേകം നോട്ടുബുക്ക് കുട്ടികൾക്ക് ഉണ്ടായിരിക്കുന്നത് നല്ലതാണ്. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ താൽപര്യം പോലെ, സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇക്കാര്യം ചെയ്യേണ്ടതാണ്.

## പാഠത്തിലേക്ക് പ്രവേശിക്കുമ്പോൾ

വിശ്വാസപരിശീലനത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും പുതിയ പഠനരീതിയെക്കുറിച്ചുമൊക്കെ നാം മനസ്സിലാക്കി. ഇനി ഓരോ പാഠവും പ്രത്യേകമായി വിശകലനം ചെയ്യുകയാണ്. പാഠങ്ങളുടെ വിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുമുണ്ട്. അതു താഴെപ്പറയും വിധമാണ്.

### 1. കുട്ടികൾ സ്വായത്തമാക്കേണ്ടവ

ഒരു പാഠത്തിലൂടെ കുട്ടി നേടിയിരിക്കേണ്ട ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അവയെ മൂന്നായി തിരിച്ച് അവതരിപ്പിക്കുന്നു. ഒരു പാഠം കുട്ടികൾ പഠിച്ചുകഴിയുമ്പോൾ എന്തൊക്കെ അവർ സ്വന്തമാക്കിയിരിക്കണമെന്ന് അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് വ്യക്തമാകുന്നു. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അപ്പുറത്ത് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇപ്പറഞ്ഞ കാര്യങ്ങൾ സ്വായത്തമാക്കിയേ മതിയാവൂ.

- ☐ ബോധ്യങ്ങൾ
- ☐ മനോഭാവങ്ങൾ
- ☐ ശീലങ്ങൾ

എന്നിങ്ങനെ വേർതിരിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ കുട്ടികൾക്ക് പകരാനാണ് നാം മറ്റുകാര്യങ്ങളെല്ലാം ചെയ്യുന്നത്.

### 2. അദ്ധ്യാപകൻ/അദ്ധ്യാപിക കരുതേണ്ട ബോധനോപാധികൾ

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. അദ്ധ്യാപകസഹായിയിൽ ചേർത്തിരിക്കുന്നവ കൂടാതെ യുക്തമെന്നു തോന്നുന്നവ, ലഭ്യമാണെങ്കിൽ ഉപയോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. അതിനുള്ള

ഒരു മാർഗ്ഗനിർദ്ദേശമായി മാത്രം ഇതിലെ സൂചനകൾ കണക്കാക്കിയാൽ മതി.

ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ തുടങ്ങിയവയൊക്കെ ചില പാഠങ്ങളിൽ ആവശ്യമായി വരും. അവയെല്ലാം മനസ്സിലെങ്കിലും തയ്യാറാക്കിയേ ക്ലാസ്സിൽ പോകാവൂ. അവയും ബോധനോപാധികൾ തന്നെയാണ്.

### 3. പാഠാവതരണം

ഓരോ പാഠവും എങ്ങനെ അവതരിപ്പിക്കണം, എവിടെ തുടങ്ങണം, എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കണം എന്നൊക്കെ വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ച് അവതരിപ്പിക്കുന്ന രീതി എന്തായാലും ഒഴിവാക്കണം. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാനും തുടരാനും അവസാനിപ്പിക്കുവാനും കഴിയണം. അതിനുള്ള ചില സൂചനകൾ പാഠാവതരണഭാഗത്ത് നൽകുന്നുണ്ട്. അവയെക്കാൾ നല്ലതെന്നു തോന്നുന്നവ കണ്ടെത്തിയാൽ അത് ഉപയോഗിച്ചാൽ മതി. ഏറ്റവും കൂടുതൽ ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠവതരണമെന്ന് മറക്കരുത്.

കഥപറച്ചിൽ, ചിത്രവായന, അഭിനയം, റോൾപ്ലേ, പാട്ടുകൾ, സംഭാഷണം, ഗ്രൂപ്പുപ്രവർത്തനം തുടങ്ങി ഏതുവിധത്തിലും പാഠാവതരണമാകാം. അദ്ധ്യാകന്/അദ്ധ്യാപികയ്ക്ക് താൽപര്യവും കഴിവുമുള്ള ഉപാധികൾ ഉപയോഗിച്ചാൽ കൂടുതൽ കാര്യക്ഷമമാകും. കുട്ടികളെ ഈ വിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിക്കൊണ്ടും പാഠം അവതരിപ്പിക്കാവുന്നതാണ്.

### 4. പാഠബന്ധിത പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. അത് കണ്ടെത്തി എഴുതാനും സ്വയമേവ എഴുതാനുമുള്ളത് കുട്ടികൾ തനിച്ച് എഴുതട്ടെ. അവർക്ക് സഹായം നൽകിയാൽ മതി. അദ്ധ്യാപക സഹായിയിലെ വാക്കുകളോ, വാക്യങ്ങളോ തന്നെ കുട്ടികൾ എഴുതിക്കാണണമെന്ന് നിർബന്ധം പാടില്ല. ആവശ്യമുള്ളിടത്ത് കുട്ടികളെ സഹായിക്കാൻ അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള സൂചനകൾ മാത്രമായി അവയെ കണ്ടാൽ മതി. കുട്ടികൾക്ക് പൂർത്തിയാക്കാൻ പറ്റാത്തവ അദ്ധ്യാപകസഹായി നോക്കി, അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് പറഞ്ഞുകൊടുക്കാൻ കഴിയുമല്ലോ. ഓരോ പാഠത്തിലെയും മുഴുവൻ പ്രവർത്തനങ്ങളും നിർബന്ധമായും ചെയ്തിരിക്കണം.

### 5. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠങ്ങളിൽ ഇല്ലാത്തതും അവയോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണിവ. ഇവയോരോന്നും അദ്ധ്യാപകന്റെ/അദ്ധ്യാപിക

യുടെ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നതാണ്. സന്ദർഭത്തിന് ഇണങ്ങുംവിധം കഴിവുള്ളിടത്തോളം അനുബന്ധിത പ്രവർത്തനങ്ങൾ നൽകുന്നതാണ് നല്ലത്. അദ്ധ്യാപക സഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. കൂടുതൽ ചോദ്യങ്ങൾ പാഠഭാഗത്തുനിന്നും തയ്യാറാക്കി ചേർത്തിട്ടുണ്ട്. അവയുടെ ഉത്തരങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നത് നല്ലതാണ്. അനുബന്ധിത പ്രവർത്തനങ്ങളെല്ലാം തന്നെ അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ മനോഭാവത്തിനനുസൃതമായി ചെയ്യേണ്ടതാണെന്ന് ഓർമ്മിക്കുക.

## ഓരോ പാഠത്തിലും ഓർമ്മിക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം.

2. പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികൾ ചെയ്യേണ്ടത് ക്ലാസ്സിൽ വച്ചാണ്. അതിനുള്ള സമയം രണ്ടുദിവസങ്ങളിലായി ലഭിക്കും.

ഓരോന്നും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് മതാപിതാക്കളുടെ സഹായത്തോടെ ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാം ദിവസം ചെയ്തുകൊണ്ടുവരത്തക്കവിധം ഒന്നാംദിവസം തന്നെ കുട്ടികളോടു പറഞ്ഞുവിടണം.

3. മനഃപാഠമാക്കാൻ കൊടുത്തിട്ടുള്ളവ കഴിവതും ക്ലാസ്സിൽ വച്ചുതന്നെ ചെയ്യിക്കുക. ഒന്നോ രണ്ടോ തവണ വായിച്ചുകൊടുക്കാം. ഒറ്റയ്ക്കും ഗ്രൂപ്പായും വായിച്ചു പഠിക്കാൻ നിർദ്ദേശിക്കാം. മനഃപാഠമാക്കി ചൊല്ലിക്കേൾപ്പിക്കുന്നവർക്ക് ചെറിയ സമ്മാനങ്ങളോ കയ്യടിയോ മറ്റെന്തെങ്കിലും അംഗീകാരമോ നൽകാം. ആദ്യമാദ്യം പഠിച്ചുകേൾപ്പിക്കാൻ പ്രചോദനം നൽകുന്നത് നല്ലതാണ്.

4. എന്റെ തീരുമാനം എന്നപേരിൽ കൊടുത്തിരിക്കുന്നവ കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവങ്ങളോ ശീലങ്ങളോ ആണ്. ഓരോ പാഠത്തിലെയും എന്റെ തീരുമാനം കുട്ടികൾക്ക് വിശദമാക്കിക്കൊടുക്കണം. അത് അവരുടെ തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം.

5. ബൈബിൾ വായന, എന്റെ ബൈബിൾ വാക്യം എന്ന പ്രവർത്തനം കുട്ടികളുടെ ബൈബിൾ പഠനവും പാരായണവും വളർത്താനുള്ളതാണ്. ബൈബിൾ വായിച്ച്, ഇഷ്ടപെട്ട വാക്യം എഴുതിക്കൊണ്ടുവരാനുള്ള നിർദേശം ഒന്നാം ദിവസം നൽകണം. രണ്ടാംദിവസം അതു പരിശോധിക്കുകയും വേണം. ഒന്നാം പാഠം പഠിപ്പിക്കുമ്പോൾ അദ്ധ്യാപകൻ/അദ്ധ്യാപിക സമ്പൂർണ്ണ ബൈബിൾ ക്ലാസ്സിൽ കൊണ്ടുപോയി

ഉൽപ്പത്തി 1:26–31 ഭാഗം വായിച്ചു കേൾപ്പിക്കണം. അതിൽ നിന്ന് ഇഷ്ട പ്പെട്ട ഒരു വാക്യം ഓരോ കുട്ടിയോടും ചോദിച്ച് അത് എഴുതാൻ ആവശ്യപ്പെടണം. ഇതുപോലെ മറ്റുപാഠങ്ങളിൽ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ വായിച്ച് എഴുതണം.

**ഓർമ്മിക്കാൻ മൂന്നുകാര്യങ്ങൾ കൂടി**

1. ഈ അദ്ധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവ്വം വായിക്കണം. ഓരോ പാഠവിശകലനവും വായിച്ചു മനസ്സിലാക്കണം.

2. ഓരോ പാഠവും പഠിപ്പിക്കുന്നതിനുമുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്കു നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടുചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം.

3. പാഠാസൂത്രണത്തിൽ തീരുമാനിച്ച് കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുനോക്കി ക്ലാസ്സ് നയിക്കാം. ഓരോ അദ്ധ്യാപകനും അദ്ധ്യാപികയ്ക്കും സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. പാഠക്കുറിപ്പുകൾ എഴുതിശീലിക്കുന്നത് കൂടുതൽ നന്നായി ഒരുങ്ങാൻ ഇടവരുത്തും. പലയിടത്തുനിന്നായി ലഭിക്കുന്ന അധിക വിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും.

# 1

# സഭ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം

## I. ആമുഖം

അബ്രാഹത്തിന്റെ വിളിയിലൂടെ ദൈവം ഇസ്രായേലിനെ തന്റെ സ്വന്തം ജനമായി തെരഞ്ഞെടുത്തു. അതുപോലെ പുതിയനിയമത്തിൽ ദൈവം തന്റെ സ്വന്തം ജനമാക്കിത്തീർത്തവരുടെ സമൂഹമാണ് സഭ. പൂർവ്വപിതാക്കന്മാർ വിശ്വാസവും അനുസരണവും വഴി ദൈവത്തിന്റെ തെരഞ്ഞെടുപ്പിനു പ്രത്യുത്തരം നൽകിയതുപോലെ സഭാമക്കളായ നമ്മളും ഈ വിളിക്ക് പ്രത്യുത്തരം നൽകണം. ഈ ആശയം ഗ്രഹിക്കാൻ സാധിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ അബ്രാഹത്തിന്റെ വിളിയിലൂടെ ദൈവം ഇസ്രായേലിനെ തെരഞ്ഞെടുത്തു.
- ❖ സീനായ് ഉടമ്പടിയിലൂടെ ദൈവം അവരെ സ്വന്തജനമാക്കി. അവർ അവിശ്വസ്തത പുർത്തിയിരുന്നിട്ടും ദൈവം തന്റെ വിശ്വസ്തത പാലിച്ചു.
- ❖ പുതിയനിയമത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനമാണ് സഭ.
- ❖ മനുഷ്യരക്ഷ പൂർത്തിയാക്കാൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമാണ് സഭ.
- ❖ അന്ത്യത്താഴവേളയിൽ അപ്പവും വീഞ്ഞും സ്വന്തം ശരീരരക്തങ്ങളാക്കിക്കൊണ്ട് അവിടുന്നു പുതിയ ഉടമ്പടി സ്ഥാപിച്ചു.
- ❖ തന്റെ മരണോത്ഥാനങ്ങളിലൂടെ ഈശോ ഈ ഉടമ്പടി പൂർത്തിയാക്കി.

## b) മനോഭാവം

- ❖ ഈശോയിലൂടെ ദൈവപുത്രസ്ഥാനത്തേയ്ക്ക് വിളി ലഭിച്ച നാം അവിടുത്തെ രക്ഷയും ദൈവപുത്രസ്ഥാനവും സ്വന്ത മാക്കി വളരണം.
- ❖ തിരുസഭയിൽ അംഗമായതിൽ അഭിമാനം കൊള്ളണം.

## c) ശീലം

- ❖ ദൈവസന്നിധിയിൽ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്ക രുമായി ജീവിക്കാൻ പരിശ്രമിക്കുന്നു.
- ❖ തിരുസഭയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരു ന്നു.

# III. ബോധനോപാധികൾ

പാഠപുസ്തകത്തിലെ ചിത്രങ്ങൾ (വലുപ്പത്തിൽ), പഴയ ഉടമ്പ ടിയും പുതിയ ഉടമ്പടിയും താരതമ്യപ്പെടുത്തിയ ചാർട്ട്, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാച രിത്രം

# IV. പാഠാവതരണം

'കണ്ടെത്താം വായിക്കാം' എന്ന പ്രവർത്തനത്തിലൂടെ പാഠാവത രണം നടത്താം. ഇസ്രായേലിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബൈബിൾ ഭാഗങ്ങൾ അധ്യാപകൻ പറയുന്നു. ആദ്യം കണ്ടെത്തുന്ന കുട്ടി അതു വായിക്കുന്നു. അതിനെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങ ളിലൂടെ പാഠത്തിലേയ്ക്കു പ്രവേശിക്കുന്നു (ഉല്പ 12: 1–2, 7,8; 15: 6).

### കഥ പറയാം

അബ്രാഹത്തിന്റെ വിളി മുതൽ സീനായ് ഉടമ്പടി വരെയുള്ള ഇസ്രായേലിന്റെ ചരിത്രം കഥാരൂപത്തിൽ അവതരിപ്പിക്കുന്നു.

| | പഴയ ഉടമ്പടിയും ഇസ്രായേലും | പുതിയ ഉടമ്പടിയും സഭയും |
|---|---|---|
| 1. | മോശയിലൂടെ വിമോചനം | ഈശോയിലൂടെ വിമോചനം |
| 2. | ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് | പാപത്തിന്റെ അടിമത്ത ത്തിൽ നിന്ന് |
| 3. | പഴയ പെസഹ | പുതിയ പെസഹ |

| | | |
|---|---|---|
| 4. | കുഞ്ഞാടിന്റെ രക്തം | ഈശോയുടെ തിരുരക്തം |
| 5. | കാനാൻ ദേശത്തേയ്ക്ക് | സ്വർഗീയ ജറുസലേമിലേയ്ക്ക് |
| 6. | സീനായ് ഉടമ്പടി | അന്ത്യത്താഴ ഉടമ്പടി |
| 7. | നിയമത്താൽ നയിക്കപ്പെടുന്ന ജനം | പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ജനം |

## V. പാഠാബന്ധിത പ്രവർത്തനങ്ങൾ

### ദൈവവചനം വായിക്കാം ധ്യാനിക്കാം

(എഫേ 1: 3-14) ക്ലാസിൽ വായിച്ച് ഒരു നിമിഷം മനസ്സിൽ ധ്യാനിക്കുന്നു

### ഓർമ്മിക്കാൻ ഒരു തിരുവചനം

(എഫേ 1:4) മനഃപാഠമാക്കുന്നു. ക്ലാസിൽ ചാർട്ടായി എഴുതിയിടുന്നു.

### നമുക്കുപ്രാർത്ഥിക്കാം

ഒരുമിച്ച് പ്രാർത്ഥിക്കുന്നു.

### എന്റെ തീരുമാനം

മൗനമായി വായിച്ചിട്ട് തീരുമാനം ഉറക്കെ പറയുന്നു.

### സഭയോടൊത്തു ചിന്തിക്കാം

രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി പരിചയപ്പെടുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഭാഗം ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതുകൊണ്ട് സാധിക്കുന്നിടത്തോളം കൗൺസിൽ ഡിക്രിയിൽ നിന്നു തന്നെ ഈ ഭാഗം വായിക്കാൻ ശ്രദ്ധിക്കണം.

### മാതൃസഭയെ അറിയാൻ

സഭാചരിത്രം ഉൾക്കൊള്ളിക്കാൻ സാധിക്കാത്തതിന്റെ കുറവു പരിഹരിക്കാനാണ് ഈ ഭാഗം ചേർത്തിരിക്കുന്നത്. ഭാരതസഭാചരിത്രത്തിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ചേർത്ത് അവതരിപ്പിക്കുന്നതു നന്നായിരിക്കും.

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 4]

### ഉത്തരം കണ്ടെത്താം

1. പേജ് 10 ഖണ്ഡിക 1
2. പേജ് 11 ഖണ്ഡിക 1
3. പേജ് 12 ഖണ്ഡിക 2

4. പേജ് 13 ഖണ്ഡിക 2

5. പേജ് 13 ഖണ്ഡിക 1

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. സഭയിൽ അംഗമായതിൽ അഭിമാനംകൊള്ളുന്ന ഒരു കഥയോ കവിതയോ ഗാനമോ ചിത്രമോ രചിക്കുക, അല്ലെങ്കിൽ ശേഖരിക്കുക.
2. ഇസ്രായേലിന്റെ രക്ഷാകരചരിത്രം ചുരുക്കി എഴുതുക.

# 2

# സഭ രക്ഷിക്കപ്പെട്ടവരുടെ സമൂഹം

## I. ആമുഖം

തന്റെ സ്വന്തമായ ഇസ്രായേൽ ജനത്തെ ദൈവം ഫറവോയുടെ അടിമത്തത്തിൽ നിന്നും മോശയിലൂടെ മോചിപ്പിച്ചു. പുതിയ ഇസ്രായേലായ നമ്മളും രക്ഷിക്കപ്പെട്ടവരാണ്. ഈശോ ആണ് നമ്മുടെ ഏക രക്ഷകൻ. രക്ഷ സ്വന്തമാക്കാൻ തിരുവചനവും കൂദാശകളും നമ്മെ സഹായിക്കുന്നു. തിരുസഭയിലൂടെയാണ് രക്ഷ ഇന്നു നമുക്ക് അനുഭവിക്കാൻ സാധിക്കുന്നത്. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ എല്ലാവരും രക്ഷയിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നു.
- ❖ കല്പനകളുടെ പാലനം രക്ഷയ്ക്കുള്ള അവശ്യ വ്യവസ്ഥയാണ്.
- ❖ ഈശോയാണ് ഏക രക്ഷകൻ
- ❖ ഈശോയാൽ രക്ഷിക്കപ്പെട്ട സഭയിൽ തിരുവചനവും കൂദാശകളും സ്വീകരിച്ചു വളരുമ്പോൾ നമ്മളും രക്ഷ അനുഭവിക്കുന്നവരാകും.

### b) മനോഭാവം

- ❖ കൽപനകൾ അനുസരിക്കുന്നതിലുള്ള ഉത്സാഹം.
- ❖ എന്നും ദൈവവചനം വായിക്കുന്നതിലുള്ള താല്പര്യം
- ❖ കൂദാശകൾ സ്വീകരിക്കുന്നതിലുള്ള താല്പര്യം

### c) ശീലം

- ❖ ദൈവപ്രമാണങ്ങളും തിരുസഭയുടെ കല്പനകളും അനുസരിക്കുന്നതിൽ ശ്രദ്ധിക്കുന്നു.

- ❖ ദിവസവും ദൈവവചനം വായിച്ചു ധ്യാനിക്കുന്നു.
- ❖ കൂദാശകൾ അടുക്കലടുക്കൽ സ്വീകരിക്കുന്നു.

## III. ബോധനോപാധികൾ

പേപ്പർ കട്ടിംഗുകൾ, കല്പനകളെഴുതിയ ചാർട്ട്, പദക്കാർഡുകൾ, ഒരു കൈയിൽ വിശുദ്ധ ഗ്രന്ഥവും മറുകൈയിൽ കൂദാശകൾ എന്നെഴുതിയ കാർഡും പിടിച്ചു നിൽക്കുന്ന സഭാമാതാവിന്റെ ചിത്രം, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

## IV. പാഠാവതരണം

ഏതെങ്കിലും വിപത്തുകളിൽ നിന്നും രക്ഷിക്കപ്പെട്ട ഒരാളുടെ സംഭവം രേഖപ്പെടുത്തിയിട്ടുള്ള പേപ്പർ കട്ടിംഗുകൾ/ ജീവചരിത്രം വായിച്ച് ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. കുട്ടികളുടെ അനുഭവം പങ്കുവയ്ക്കുകയും ചെയ്യാം. തുടർന്ന് ഇസ്രായേലിന് ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും ലഭിച്ച മോചനത്തിന്റെ കഥ അവതരിപ്പിക്കുക. പ്രധാനപ്പെട്ട ബൈബിൾ വാക്യങ്ങൾ പദക്കാർഡുകളായി എഴുതിയിട്ട് അവ ചേർത്ത് വാക്യം നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ നൽകാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ)

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 4; പേജ് 119-124, 133-134, 142-146]

**ഉത്തരം കണ്ടെത്താം**

1. പേജ് 17 ഖണ്ഡിക 4
2. പേജ് 18 ഖണ്ഡിക 1
3. പേജ് 18 ഖണ്ഡിക 1
4. പേജ് 18,19 ഖണ്ഡിക 3
5. പേജ് 20 ഖണ്ഡിക 3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. ഈശോയാണ് ഏക രക്ഷകൻ എന്ന ആശയം വരുന്ന ഗാനം ഒന്നിച്ച് ആലപിക്കുക.
2. ഈശോ രക്ഷകനായി അനുഭവപ്പെട്ട കുട്ടികളുടെ ഏതെങ്കിലുമൊരു സംഭവം പങ്കുവയ്പ്പിക്കുക.

# 3

# സഭ വിശ്വാസികളുടെ സമൂഹം

## I. ആമുഖം

ഈശോയിൽ വിശ്വസിച്ച് അവിടുത്തെ രക്ഷകനും നാഥനുമായി ഏറ്റുപറയുന്നവരുടെ സമൂഹമാണ് സഭ. വചനം സ്വീകരിച്ച് മാന സാന്തരത്തിലേയ്ക്കു കടന്നുവന്നവരുടെ സമൂഹമാണത്. മാമ്മോ ദീസായിലൂടെ സഭാകൂട്ടായ്മയിലേയ്ക്കു പ്രവേശിപ്പിക്കപ്പെട്ടവ രായ നമ്മൾ തെറ്റായ വഴികളിൽ നിന്നും മാറി തിരുവചനത്താലും കൂദാശകളാലും നയിക്കപ്പെടുന്നവരാകണം. ഈ ആശയം ഗ്രഹി ക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ദൈവത്തിന്റെ വിളിക്കു മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം.
- ❖ സുവിശേഷപ്രഘോഷണം വിശ്വാസത്തിലേയ്ക്ക് നയിക്കുന്നു.
- ❖ തിരുവചനശ്രവണം മാനസാന്തരത്തിലേയ്ക്കും ജീവിതനവീകരണത്തിലേയ്ക്കും നമ്മെ നയിക്കണം.
- ❖ മാമ്മോദീസായിലൂടെ നമ്മൾ സഭാമക്കളായി തീരുന്നു.
- ❖ കൂദാശകൾ വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുന്നു.

### b) മനോഭാവം

- ❖ ഈശോയിലുള്ള വിശ്വാസം ഏറ്റു പറയുന്നതിലുള്ള സന്തോഷം.
- ❖ തിരുവചനം വായിക്കാനും പങ്കുവയ്ക്കാനുമുള്ള ഉത്സാഹം.
- ❖ ഏതു സാഹചര്യത്തിലും തിരുസഭയോടു ചേർന്നു നിൽക്കാനുള്ള താൽപര്യം

## c) ശീലം

❖ ദിവസവും ഒരോ ദൈവവചനമെങ്കിലും മനഃപാഠമാക്കുന്നു; കൂട്ടുകാരുമായി പങ്കുവയ്ക്കുന്നു.

❖ തെറ്റുചെയ്യാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളും കൂട്ടുകെട്ടുകളും ഉപേക്ഷിക്കുന്നു.

# III. ബോധനോപാധികൾ

പേപ്പർ കട്ടിംഗ്സ്, തിരുവചനങ്ങളെഴുതിയ ചാർട്ട്, വിശുദ്ധരുടെ ജീവചരിത്രങ്ങൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

# IV. പാഠാവതരണം

ഈശോ നിങ്ങൾക്ക് ആരാണ് ? എന്ന ചോദ്യമുന്നയിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം. കുട്ടികളുടെ പങ്കുവയ്ക്കൽ ബോർഡിൽ രേഖപ്പെടുത്തി ചർച്ച ചെയ്യാം. തുടർന്ന് കേസറിയ ഫിലിപ്പിയിൽവച്ച് ഈശോ ശിഷ്യന്മാരോടു ചോദിച്ച ചോദ്യവും അവരുടെ മറുപടികളും അവതരിപ്പിക്കുക.

### റോൾ പ്ലേ

പത്രോസ്ശ്ലീഹായുടെ പ്രസംഗവും ജനങ്ങളുടെ പ്രതികരണവും റോൾ പ്ലേ ആയി അവതരിപ്പിക്കാം.

### തിരുവചനം കണ്ടെത്താം

വിശ്വാസത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പ്രധാനപ്പെട്ട ബൈബിൾ വാക്യങ്ങൾ കണ്ടെത്തി പദക്കാർഡു നിർമ്മിക്കാനുള്ള ഗ്രൂപ്പു പ്രവർത്തനം നൽകാം.

### പങ്കുവയ്ക്കാം

പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസം കാത്തുസൂക്ഷിച്ചവരുടെ ജീവിത സാക്ഷ്യം, രക്തസാക്ഷികളുടെ ജീവചരിത്രം, പ്രലോഭനങ്ങളെ ജയിച്ച സന്ദർഭങ്ങൾ എന്നിവ പങ്കുവയ്ക്കാവുന്നതാണ്.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിൽ നൽകിയിട്ടുള്ളതുപോലെ)

### മാതൃസഭയെ അറിയാൻ

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 5]

എന്റെ തീരുമാനം പറയുമ്പോൾ ഈശോയിലുള്ള വിശ്വാസം പ്രകടിപ്പിക്കാൻ ലഭിക്കുന്ന അവസരങ്ങൾ ഏവയെന്നു ചർച്ച ചെയ്ത് മനസ്സിലാക്കി കൊടുക്കുന്നതു നന്നായിരിക്കും.

**ഉത്തരം കണ്ടെത്താം**

1. പേജ് 23 ഖണ്ഡിക 1
2. പേജ് 23 ഖണ്ഡിക 2
3. പേജ് 24
4. പേജ് 24, 25
5. പേജ് 25,26

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. ഈശോയിലുള്ള വിശ്വാസം പ്രഖ്യാപിച്ചുകൊണ്ട് ഒരു പ്രസംഗം അവതരിപ്പിക്കുക.
2. ഈശോയ്ക്കു സാക്ഷ്യം വഹിക്കാൻ ലഭിച്ച ഒരവസരം പങ്കുവയ്ക്കുക.

## 4

# സഭ ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം

## I. ആമുഖം

പന്തക്കുസ്തായിൽ ഉദ്ഘാടനം ചെയ്യപ്പെട്ട സഭ ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു സമൂഹമാണ്. വിവിധങ്ങളായ ദാനങ്ങളും ഫലങ്ങളും വരങ്ങളും നൽകിക്കൊണ്ട് പരിശുദ്ധാത്മാവ് സഭയെ പടുത്തുയർത്തുന്നു. സഭാമക്കളായ നമ്മളും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരാകണം. കൂദാശകളിലൂടെ പരിശുദ്ധാത്മാവ് നമ്മിൽ നിറയുന്നു. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ പന്തക്കുസ്താ ദിനത്തിൽ പരിശുദ്ധാത്മാവിന്റെ വരവോടെ സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു.
- ❖ അപ്പസ്തോലന്മാരെയും ആദിമസഭയെയും നയിച്ചതും നിയന്ത്രിച്ചതും പരിശുദ്ധാത്മാവാണ്.
- ❖ തന്റെ ദാനങ്ങളും ഫലങ്ങളും വരങ്ങളും നൽകി പരിശുദ്ധാത്മാവ് ഇന്നും സഭയെ നയിച്ചുകൊണ്ടിരിക്കുന്നു.
- ❖ കൂദാശകളിലൂടെ പരിശുദ്ധാത്മാവിനെ നമുക്കു ലഭിക്കുന്നു.
- ❖ പ്രതിസന്ധികളിലും പീഡനങ്ങളിലും പരിശുദ്ധാത്മാവ് സഭയെ നയിക്കുന്നു.

### b) മനോഭാവം

- ❖ പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ ശ്രദ്ധിക്കുവാനുള്ള താല്പര്യം.
- ❖ കൂദാശകളുടെ സ്വീകരണത്തിലുള്ള താല്പര്യം.

## c) ശീലം

- ❖ പരിശുദ്ധാത്മാവിനോട് ആലോചന ചോദിച്ചുകൊണ്ട് എല്ലാ ക്കാര്യങ്ങളും ചെയ്യുന്നു.
- ❖ കൂദാശകൾ താല്പര്യത്തോടെ സ്വീകരിക്കുന്നു.

# III. ബോധനോപാധികൾ

പന്തക്കുസ്തായുടെ ചിത്രം, തിരുവചനങ്ങളെഴുതിയ ചാർട്ട്, രക്ത സാക്ഷികളുടെ പരിശുദ്ധാത്മപ്രചോദിതമായ വചനങ്ങൾ രേഖപ്പെടു ത്തിയ ചാർട്ട്, പരിശുദ്ധാത്മാവിന്റെ ഫലങ്ങളും ദാനങ്ങളും ചിത്രീക രിച്ച ചാർട്ട്. വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ കൾ, ഭാരതസഭാചരിത്രം

# IV. പാഠാവതരണം

പന്തക്കുസ്തായുടെ ചിത്രം കാണിച്ചുകൊണ്ട് ചർച്ചയിലൂടെ ക്ലാസ് ആരംഭിക്കാം.

### റോൾ പ്ലേ

വിവിധ രക്തസാക്ഷികളുടെ പീഡനരംഗങ്ങളും അവർ മൊഴിഞ്ഞ ധീരവചനങ്ങളും റോൾ പ്ലേ ആയി അവതരിപ്പിക്കാം.

### തിരുവചനം കണ്ടെത്താം

അപ്പസ്തോലന്മാരെയും ആദിമസഭയേയും പരിശുദ്ധാത്മാവു നയി ക്കുന്നതു വ്യക്തമാക്കുന്ന ബൈബിൾ വാക്യങ്ങൾ കണ്ടെത്തി വായി ക്കാനുള്ള പ്രവർത്തനം നൽകാം.

### ചാർട്ടു നിർമ്മിക്കാം

ഓരോ കൂദാശയിലൂടെയും പരിശുദ്ധാത്മാവു നൽകുന്ന കൃപകളെ സൂചിപ്പിക്കുന്ന ചാർട്ടു നിർമ്മിക്കാം.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ)

### മാതൃസഭയെ അറിയാൻ

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 7; പേജ് 227–228]

മാർത്തോമ്മാ നസ്രാണികളുടെ വളർച്ചയും തളർച്ചയും, നമ്മുടെ റീത്ത് (റവ. ഡോ. പ്ലാസിഡ്.ജെ പൊടിപ്പാറ).

**ഉത്തരം കണ്ടെത്താം**

1. പേജ് 29,30
2. പേജ് 30 ഖണ്ഡിക 2
3. പേജ് 30 ഖണ്ഡിക 3
4. പേജ് 31 ഖണ്ഡിക 2
5. പേജ് 31 ഖണ്ഡിക 3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. പന്തക്കുസ്താസംഭവം കഥാപ്രസംഗമാക്കി അവതരിപ്പിക്കുക.
2. പരിശുദ്ധാത്മാവിന്റെ ഒരു ഗാനം സംഘമായി ആലപിക്കുക.

# 5
# സഭ മിശിഹായുടെ ശരീരം

## I. ആമുഖം

സഭ മിശിഹായുടെ ശരീരമാണ്. സഭയാകുന്ന ശരീരത്തിലൂടെ മിശിഹാ ഇന്നും തന്റെ ദൗത്യം തുടർന്നുകൊണ്ടിരിക്കുന്നു. സഭയിലെ വിവിധ ശുശ്രൂഷകളും വരങ്ങളും വഴി ഈശോ സഭാഗാത്രത്തെ പരി പോഷിപ്പിക്കുന്നു. സഭാഗാത്രത്തിലെ ഒരംഗമെന്ന നിലയിൽ ഓരോ വ്യക്തിക്കും ചെയ്തുതീർക്കുവാനുള്ള ചില ഉത്തരവാദിത്വങ്ങളുണ്ട്. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ സഭാഗാത്രത്തിന്റെ ശിരസ് ഈശോ ആണ്. നാമെല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളും.
- ❖ സഭയിലെ ഏതംഗത്തെ പീഡിപ്പിച്ചാലും ഈശോയെയാണ് പീഡിപ്പിക്കുന്നത്.
- ❖ സഭാമക്കളായ നമുക്കു ലഭിച്ചിരിക്കുന്ന ദാനങ്ങൾ സഭയുടെ വളർച്ചയ്ക്കായി വിനിയോഗിക്കണം.
- ❖ ഈശോയെ സ്നേഹിക്കുന്നവൻ സഭയേയും സ്നേഹിക്കുന്നു.

### b) മനോഭാവം

- ❖ സഭാസമൂഹത്തിലെ എല്ലാവരെയും സഹോദരങ്ങളായി കാണുന്നു.
- ❖ ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന കഴിവുകൾ സഭയുടെ വളർച്ചയ്ക്കായി ആവശ്യാനുസരണം വിനിയോഗിക്കുന്നു.

## c) ശീലം

- ❖ ദരിദ്രരോടും അവശതയനുഭവിക്കുന്നവരോടും അനാഥരോടും സ്നേഹപൂർവ്വം പെരുമാറുന്നു.
- ❖ ഇടവകക്കൂട്ടായ്മയിൽ സജീവമായി പ്രവർത്തിക്കുന്നു.

# III. ബോധനോപാധികൾ

ഈശോ ശിരസും നമ്മൾ ശരീരത്തിലെ അംഗങ്ങളുമായി ചിത്രീകരിച്ചിരിക്കുന്ന ചിത്രം, സഭയുടെ വിവിധ പ്രേഷിതരംഗങ്ങൾ ചിത്രീകരിക്കുന്ന ചാർട്ട്, കൊളാഷ്, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

# IV. പാഠാവതരണം

സാവൂളിന്റെ മാനസാന്തരം സൂചിപ്പിക്കുന്ന പാഠത്തിലെ ചിത്രം ഉപയോഗിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം.

### കൊളാഷ് നിർമ്മിക്കാം

സഭയുടെ വിവിധ ശുശ്രൂഷകളിലേർപ്പെട്ടിരിക്കുന്നവരുടെയും, പത്രങ്ങളിൽ നിന്നും മാസികകളിൽ നിന്നും രോഗികളും പീഡിതരും ദുഃഖിതരുമായവരുടെ ചിത്രങ്ങൾ മുറിച്ചെടുത്ത് ഈശോയുടെ ഔട്ട്ലൈൻ വരച്ച ഒരു ചാർട്ടിനുള്ളിൽ ഒട്ടിച്ച് സഭാഗാത്രത്തിന്റെ ഒരു കൊളാഷ് നിർമ്മിക്കാം.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

( ഒന്നാം പാഠത്തിലേതുപോലെ )

### മാതൃസഭയെ അറിയാൻ

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 5 പേജ് 197-200]

### ഉത്തരം കണ്ടെത്താം

1. പേജ് 35 ഖണ്ഡിക 2
2. പേജ് 35 ഖണ്ഡിക 4
3. പേജ് 35 ഖണ്ഡിക 4
4. പേജ് 36 ഖണ്ഡിക 3
5. പേജ് 37 ഖണ്ഡിക 1

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. സഭയുടെ വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്നവരുമായി ഒരു അഭിമുഖം നടത്തി റിപ്പോർട്ട് തയ്യാറാക്കുക.

# 6
# സഭ പുരോഹിത ജനം

## I. ആമുഖം

ഇസ്രായേൽ പുരോഹിതജനമായിരുന്നു. സീനായ് ഉടമ്പടിയിൽ ദൈവം അതു വ്യക്തമാക്കി. എന്നാൽ ഈശോ കാൽവരിയിലർപ്പിച്ച ബലിയോടെ പഴയനിയമ പൗരോഹിത്യം അവസാനിച്ചു. നിത്യപുരോഹിതനായിത്തീർന്ന മിശിഹായുടെ പൗരോഹിത്യത്തിൽ മാമ്മോദീസായിലൂടെ നമ്മെയും പങ്കാളികളാക്കി. ഇങ്ങനെ പൊതു പൗരോഹിത്യം ലഭിച്ച സഭാമക്കളുടെ ഇടയിൽ നിന്നും ദൈവം ചിലരെ ശുശ്രൂഷാപൗരോഹിത്യത്തിലേയ്ക്കു തെരഞ്ഞെടുത്തുയർത്തുന്നു. അവരാണ് പുതിയനിയമത്തിലെ വൈദികർ. ഏറ്റവും ശ്രേഷ്ഠമായ ആരാധനയായ വിശുദ്ധ കുർബ്ബാനയും മറ്റു കൂദാശകളും പരികർമ്മം ചെയ്തുകൊണ്ട് അവർ ദൈവജനത്തിന് പുരോഹിത ശുശ്രൂഷയർപ്പിക്കുന്നു. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ പഴയനിയമജനതയെപ്പോലെ പുതിയ ഇസ്രായേലായ സഭയും പുരോഹിതഗണമാണ്.
- ❖ കാൽവരിയിലെ ബലിയിലൂടെ നിത്യപുരോഹിതനായിത്തീർന്ന മിശിഹ പുതിയനിയമ പൗരോഹിത്യത്തിനു തുടക്കം കുറിച്ചു.
- ❖ മാമ്മോദീസായിലൂടെ നമ്മളും മിശിഹായുടെ പൊതു പൗരോഹിത്യത്തിൽ പങ്കാളികളായിരിക്കുന്നു.
- ❖ ഏറ്റവും ശ്രേഷ്ഠമായ ആരാധനയായ വിശുദ്ധ കുർബ്ബാനയർപ്പിക്കാൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞടുക്കപ്പെട്ടവരാണ് ശുശ്രൂഷാപൗരോഹിത്യം ലഭിച്ച വൈദികർ.

## b) മനോഭാവം

- ❖ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളും ദുരിതങ്ങളും ക്ഷമയോടെ സഹിച്ചുകൊണ്ട് ജീവിതബലിയർപ്പിക്കാനുള്ള മനോഭാവം
- ❖ പൗരോഹിത്യത്തോടുള്ള ആദരവും ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേരാനുള്ള താൽപര്യവും.

## c) ശീലം

- ❖ അനുദിനക്ലേശങ്ങളെ ബലിയുടെ ചൈതന്യത്തോടെ സ്വീകരിക്കുന്നു.
- ❖ സഭയിൽ കൂടുതൽ വൈദികരുണ്ടാകുവാനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# III. ബോധനോപാധികൾ

പഴയനിയമ പൗരോഹിത്യവും പുതിയനിയമ പൗരോഹിത്യവും തമ്മിലുള്ള വ്യത്യാസം സൂചിപ്പിക്കുന്ന ചാർട്ട്, തിരുവചനക്കാർഡുകൾ, ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുന്നതിന്റെ ചിത്രങ്ങൾ, അപ്പോൾ ഉപയോഗിക്കുന്ന പ്രാർത്ഥനകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം.

# IV. പാഠാവതരണം

പൗരോഹിത്യസ്വീകരണത്തിന്റെ ചിത്രങ്ങളോ സി.ഡി യോ പ്രദർശിപ്പിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം. തിരുപ്പട്ടസ്വീകരണ സമയത്ത് ഉപയോഗിക്കുന്ന പ്രാർത്ഥനകളോ ഗാനങ്ങളോ വിശകലനം ചെയ്തുകൊണ്ട് ശുശ്രൂഷാപൗരോഹിത്യത്തിന്റെ മഹത്വം വ്യക്തമാക്കാം. തുടർന്ന് പഴയനിയമ പൗരോഹിത്യവും പുതിയനിയമ പൗരോഹിത്യവും തമ്മിലുള്ള വ്യത്യാസം ചാർട്ടിലൂടെയും ചർച്ചകളിലൂടെയും വിശദമാക്കാം.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ)

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 5 പേജ് 195]

**ഉത്തരം കണ്ടെത്താം**

1. പേജ് 39 ഖണ്ഡിക 2
2. പേജ് 40 ഖണ്ഡിക 1
3. പേജ് 41 ഖണ്ഡിക 1
4. പേജ് 42 ഖണ്ഡിക 1
5. പേജ് 41 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. പഴയനിയമ പൗരോഹിത്യവും പുതിയനിയമ പൗരോഹിത്യവും പ്രതിപാദിക്കുന്ന വചനക്കാർഡുകൾ തയ്യാറാക്കുക.
2. നിങ്ങളുടെ വികാരിയച്ചന്റെ പൗരോഹിത്യാനുഭവത്തെക്കുറിച്ചു ചോദിച്ചറിയുക.

# 7

# സഭ പങ്കുവയ്ക്കുന്നവരുടെ സമൂഹം

## I. ആമുഖം

മറ്റു ജനതകളിൽ അത്ഭുതമുളവാക്കുന്നവിധം പങ്കുവയ്ക്കുന്ന സമൂഹമായിരുന്നു ആദിമസഭ. അവരുടെയിടയിൽ ദാരിദ്ര്യദുഃഖമനുഭവിക്കുന്നവരാരും ഉണ്ടായിരുന്നില്ല എന്നു തിരുവചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അത്രയ്ക്കും വലുതായിരുന്നു അവരുടെ പരസ്നേഹം. സഭ ഇന്നും ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ ഈ പങ്കുവയ്ക്കൽ തുടരുന്നു. സഭാവിരോധികൾ സഭയ്ക്കെതിരായി മറിച്ചു പഠിപ്പിക്കുമ്പോൾ അതിൽ കുടുങ്ങാതെ സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കുചേരാനും അതിൽ അഭിമാനിക്കാനും സഭാമക്കൾക്കു സാധിക്കണം. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഈശോയുടെ പ്രബോധനവും മാതൃകയും ഉൾക്കൊണ്ട് പങ്കുവയ്ക്കുന്നതിൽ ഉത്സുകരായിരുന്നു ആദിമസഭാംഗങ്ങൾ.
- ❖ എല്ലാം പൊതുസ്വത്തായി കരുതുകയും ആവശ്യാനുസരണം പങ്കുവയ്ക്കുകയും ചെയ്തിരുന്നതുകൊണ്ട് അവരുടെയിടയിൽ ദാരിദ്ര്യദുഃഖം അനുഭവിക്കുന്നവരാരും ഉണ്ടായിരുന്നില്ല.
- ❖ ദിവ്യബലിയർപ്പണവും ഉത്ഥാനത്തിലുള്ള പ്രത്യാശയും പങ്കുവയ്ക്കലിനു നമ്മെ പ്രേരിപ്പിക്കുന്നു.
- ❖ ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ സഭ ഇന്നും പങ്കുവയ്ക്കൽ തുടരുന്നു.

**b) മനോഭാവം**

- ❖ സമ്പത്തും കഴിവുകളും സമയവുമെല്ലാം പങ്കുവയ്ക്കാനുള്ള സന്നദ്ധത.
- ❖ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അഭിമാനവും അതിൽ പങ്കുചേരാനുള്ള സന്മനസ്.

**c) ശീലം**

- ❖ സമ്പത്തും കഴിവുകളും അറിവുമെല്ലാം പങ്കുവയ്ക്കാൻ ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നു.
- ❖ സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ അഭിമാനപൂർവ്വം പങ്കുചേരുന്നു.

## III. ബോധനോപാധികൾ

സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ചിത്രങ്ങൾ, മിഷനറിമാരുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ചിത്രങ്ങൾ, പേപ്പർകട്ടിംഗ്സ്, വി. ഫാദർ ഡാമിയൻ, വിൻസന്റ് ഡി പോൾ, മദർതെരേസ തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ, തിരുവചനക്കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

## IV. പാഠാവതരണം

സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ചിത്രങ്ങളോ സി.ഡിയോ പ്രദർശിപ്പിച്ചുകൊണ്ട് തുറന്ന ചർച്ചയിലൂടെ ക്ലാസ് ആരംഭിക്കാം. ആദിമസഭയുടെ മാതൃകയെക്കുറിച്ചു പറഞ്ഞുകൊടുക്കാം. പങ്കുവയ്ക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന തിരുവചനങ്ങൾ കണ്ടെത്തി എഴുതാം. ഫാദർ ഡാമിയൻ, വിൻസന്റ് ഡി പോൾ, മദർതെരേസ തുടങ്ങിയവരുടെ ജീവചരിത്രം ചർച്ചചെയ്യാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

( ഒന്നാം പാഠത്തിലേതുപോലെ )

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 5; പേജ് 196–197]

**ഉത്തരം കണ്ടെത്താം**

1. പേജ് 45 ഖണ്ഡിക 1, 2
2. പേജ് 45 ഖണ്ഡിക 3
3. പേജ് 46 ഖണ്ഡിക 2
4. പേജ് 46 ഖണ്ഡിക 4
5. പേജ് 47 ഖണ്ഡിക 3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. കുട്ടികൾക്കു പരസ്പരം പങ്കുവയ്ക്കാനുള്ള സാധ്യതകളും വേദികളും ചർച്ചയിലൂടെ കണ്ടെത്തി ചാർട്ടു തയ്യാറാക്കുക.
2. സഭയുടെ ഏതെങ്കിലുമൊരു ജീവകാരുണ്യ സ്ഥാപനം സന്ദർശിക്കുക.

# 8
# സഭ പ്രവാചക ജനം

## I. ആമുഖം

ദൈവഹിതം ജനത്തെ അറിയിക്കുകയും അതു സ്വജീവിതത്തിൽ പ്രാവർത്തികമാക്കി സാക്ഷ്യം വഹിക്കുകയും ചെയ്യുന്നവനാണ് പ്രവാചകൻ. മാമ്മോദീസായിലൂടെയും തൈലാഭിഷേകത്തിലൂടെയും പരിശുദ്ധാത്മാവിനാൽ അഭിഷിക്തരാകുന്ന സഭാമക്കളും പ്രവാചകജനമായിത്തീരുന്നു. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കൂദാശകളുടെ സ്വീകരണം വഴി ശക്തി പ്രാപിച്ചും വിശ്വാസപ്രേരിതമായ ജീവിതം നയിച്ചും മാതൃകയാലും വചനത്താലും സുവിശേഷം പ്രചരിപ്പിച്ചും നമ്മുടെ പ്രവാചക ദൗത്യം നിറവേറ്റണം. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ മാമ്മോദീസായിലൂടെ നാം ദൈവത്തിന്റെ പ്രവാചകജനമായി മാറിയിരിക്കുന്നു.
- ❖ സമൂഹത്തിലെ തിന്മകളകറ്റാനും ആത്മാവിലുള്ള ജീവിതത്തിന്റെ രുചിപകരാനും നമുക്കു കടമയുണ്ട്.
- ❖ കൂദാശകളുടെ സ്വീകരണം വഴി ശക്തി പ്രാപിച്ചും വിശ്വാസപ്രേരിതമായ ജീവിതം നയിച്ചും മാതൃകയാലും വചനത്താലും സുവിശേഷം പ്രചരിപ്പിച്ചും ഈ കടമ നിറവേറ്റണം.
- ❖ സത്യത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷികളായി ജീവിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

### b) മനോഭാവം

- ❖ സാമൂഹിക തിന്മകളോടു പ്രതികരിക്കാനുള്ള സന്നദ്ധത.
- ❖ എന്തു വിലകൊടുത്തും സത്യത്തിനും സ്നേഹത്തിനും സാക്ഷ്യം വഹിക്കാനുള്ള ധീരത.

## c) ശീലം

- ❖ തിന്മകളിൽ നിന്നും അകന്നു നില്ക്കുന്നു.
- ❖ സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുന്നു.

# III. ബോധനോപാധികൾ

പേപ്പർകട്ടിംഗ്സ്, തിരുവചനക്കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

# IV. പാഠാവതരണം

ജറെമിയാപ്രവാചകന്റെ ജീവിതത്തിലെ ഏതെങ്കിലുമൊരു സംഭവം റോൾ പ്ലേ ആയി അവതരിപ്പിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം. പ്രവാചകന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്നു ചർച്ച ചെയ്യാം. പ്രവാചകദൗത്യം ലഭിച്ചിരിക്കുന്ന നമുക്ക് ഇന്നത്തെ ലോകത്തിൽ എങ്ങനെ ഈ ദൗത്യം നിറവേറ്റാൻ സാധിക്കും എന്നു ചർച്ചയിലൂടെ കണ്ടെത്തി ചാർട്ടു ചെയ്യുക. തിന്മയ്ക്കെതിരായി സഭാനേതൃത്വം നൽകിയിട്ടുള്ള പ്രസ്താവനകളും പഠനങ്ങളും പത്രവാർത്തകളിൽ നിന്നും കണ്ടെത്തി അവതരിപ്പിക്കുക.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ )

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 7; പേജ് 238-281]

**ഉത്തരം കണ്ടെത്താം**

1. പേജ് 51 ഖണ്ഡിക 1, 2.
2. പേജ് 51 ഖണ്ഡിക 3.
3. പേജ് 52 ഖണ്ഡിക 2.
4. പേജ് 52, 53.
5. പേജ് 53 ഖണ്ഡിക 3.

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. ഇന്നു ലോകത്തിൽ നിലനിൽക്കുന്ന പ്രധാനപ്പെട്ട തിന്മകൾ ഏവയെന്നെഴുതി അവയെ എങ്ങനെ ഇല്ലായ്മ ചെയ്യാമെന്നു ചർച്ച ചെയ്യുക.
2. മദ്യം, മയക്കുമരുന്ന്, പുകവലി, കൈക്കൂലി അഴിമതി തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ സന്ധിയില്ലാസമരം ചെയ്യുമെന്നു പ്രതിജ്ഞ ചെയ്യുക.

# 9
# പ്രേഷിതയായ സഭ

## I. ആമുഖം

സഭ സ്വഭാവത്താലേ പ്രേഷിതയാണ്. ഈശോ സഭയെ ഏല്പിച്ച ദൗത്യമാണ് പ്രേഷിതപ്രവർത്തനം. ഈശോ ലോകത്തിന്റെ ഏക രക്ഷകനാണ് എന്ന സത്യം ലോകമെങ്ങുമുള്ള ജനങ്ങളെ അറിയിക്കുക ഓരോ ക്രിസ്ത്യാനിയുടെയും കടമയാണ്. പന്തക്കുസ്തായിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം വിദൂരനാടായ ഭാരതത്തിലേയ്ക്ക് വിശുദ്ധ തോമാശ്ലീഹാ സുവിശേഷദീപവുമായി കടന്നുവന്നു. ആ പിതാവിന്റെ പ്രേഷിതചൈതന്യം സ്വന്തമാക്കിയ സീറോമലബാർസഭയും പ്രേഷിതപ്രവർത്തനങ്ങളിൽ ഏറെ മുന്നേറിക്കൊണ്ടിരിക്കുന്നു. മാതൃസഭയുടെ ചൈതന്യം സ്വന്തമാക്കി പ്രേഷിതതീക്ഷ്ണതയുള്ളവരായി നമുക്കും വളരാം. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഈശോ ആണ് ആദ്യത്തെ പ്രേഷിതൻ. അവിടുന്നാണ് ഏക രക്ഷകൻ
- ❖ നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹ ഏറെ ക്ലേശങ്ങൾ ഏറ്റെടുത്ത് ഭാരതത്തിലെത്തി പ്രേഷിതപ്രവർത്തനം നടത്തി.
- ❖ ഈശോ ലോകത്തിന്റെ ഏകരക്ഷകനാണ് എന്ന സത്യം സകല ജനപദങ്ങളേയും അറിയിക്കുവാനും എല്ലാവരേയും ഈ രക്ഷയിലേയ്ക്ക് ആനയിക്കുവാനും സഭ നിയുക്തയായിരിക്കുന്നു.

- ❖ സീറോമലബാർ സഭയ്ക്ക് ഇന്ന് ധാരാളം മിഷൻ രൂപതകളുണ്ട്.
- ❖ ഏതു ജീവിതാന്തസ്സ് തെരഞ്ഞെടുത്താലും ജീവിതസാക്ഷ്യത്തിലൂടെ പ്രേഷിതപ്രവർത്തനം നടത്തണം.

**b) മനോഭാവം**

- ❖ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളോടുള്ള മതിപ്പ്.
- ❖ മിഷൻ രൂപതകളെയും പ്രേഷിതപ്രവർത്തനങ്ങളെയും സഹായിക്കാനുള്ള സന്മനസ്സ് .

**c) ശീലം**

- ❖ ഈശോയെക്കുറിച്ച് മറ്റു മതസ്ഥരായ കൂട്ടുകാരോട് സംസാരിക്കുന്നു.
- ❖ മിഷനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗം ചെയ്ത് സഹായിക്കുകയും ചെയ്യുന്നു.

## III. ബോധനോപാധികൾ

സീറോ മലബാർ സഭയുടെ മിഷൻ രൂപതകളടങ്ങിയ ഭൂപടം. മിഷനറിമാരുടെ ജീവിതാനുഭവങ്ങൾ, വിശുദ്ധ തോമ്മാശ്ലീഹായുടെ ചിത്രം, വി. ഫ്രാൻസീസ് സേവ്യറിന്റെ ചിത്രം, ഏഴരപ്പള്ളികൾ അടയാളപ്പെടുത്തിയ ഭൂപടം, പേപ്പർകട്ടിംഗ്സ്, തിരുവചനക്കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

## IV. പാഠാവതരണം

തോമ്മാശ്ലീഹായുടെയും വി.ഫ്രാൻസീസ് സേവ്യറിന്റെയും ചിത്രങ്ങൾ കാണിച്ചുകൊണ്ടും അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ചു ചർച്ച ചെയ്തുകൊണ്ടും ക്ലാസ് ആരംഭിക്കാം. ഈശോ ശ്ലീഹന്മാരെ പ്രേഷിതപ്രവർത്തന ദൗത്യമേല്പിക്കുന്ന രംഗം റോൾ പ്ലേ ആയി അവതരിപ്പിക്കാം. മിഷനറിമാരെ ആരെയെങ്കിലും സംലഭ്യരാക്കാൻ സാധിച്ചാൽ അവരുടെ മിഷനറി അനുഭവം പങ്കുവയ്പ്പിക്കാം. മിഷനറിമാരുടെ ദുരിതങ്ങളെക്കുറിച്ചുള്ള പത്രവാർത്തകൾ കണ്ടെത്തി അവതരിപ്പിക്കുകയും ചെയ്യാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിൽ നൽകിയിട്ടുള്ളതുപോലെ)

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 8]

**ഉത്തരം കണ്ടെത്താം**

1. പേജ് 55 ഖണ്ഡിക 1
2. പേജ് 56 ഖണ്ഡിക 2
3. പേജ് 59 ഖണ്ഡിക 2
4. പേജ് 58, 59
5. പേജ് 59 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. ഒരു മിഷനറിയുമായി അഭിമുഖം നടത്തുക.
2. മറ്റു മതസ്ഥരായ കൂട്ടുകാരോട് ബൈബിൾ കഥകൾ പറയുക.

# 10
# തീർത്ഥാടകയായ സഭ

## I. ആമുഖം

ക്രൈസ്തവജീവിതം സ്വർഗം ലക്ഷ്യമാക്കിയുള്ള ഒരു തീർത്ഥാടനമാണ്. ഇസ്രായേൽ ഈജിപ്തിൽ നിന്നും കാനാൻ ദേശത്തേയ്ക്കു തീർത്ഥാടനം ചെയ്തതുപോലെ സഭയും പാപത്തിന്റെ അടിമത്തത്തിൽ നിന്നും മോചനം നേടി സ്വർഗത്തിലേയ്ക്ക് തീർത്ഥാടനം ചെയ്യുന്നു. നിത്യതയിലേയ്ക്കുള്ള കവാടമാണ് മരണം. മരണാനന്തരം ഒരു തനതുവിധിയും പൊതുവിധിയും നമ്മെ കാത്തിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്വർഗമോ നരകമോ ശുദ്ധീകരണസ്ഥലമോ നമുക്കു ലഭിക്കുന്നു. വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സത്പ്രവൃത്തികളിലൂടെ സ്വർഗത്തിലെത്തിച്ചേരാൻ നാം പരിശ്രമിക്കണം. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ സ്വർഗം ലക്ഷ്യമാക്കി തീർത്ഥാടനം ചെയ്യുന്നവരുടെ സമൂഹമാണ് സഭ.
- ❖ പാപത്തിന്റെ അടിമത്തത്തിൽ നിന്നും മോചനം നേടി വേണം ഈ തീർത്ഥാടനം നടത്താൻ.
- ❖ ഭൂമിയിലെ ക്രൈസ്തവജീവിതം സ്വർഗീയജീവിതത്തിന്റെ മുന്നാസ്വാദനമാണ്.
- ❖ മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നും മരണശേഷം വിധിക്കു വിധേയനാകണമെന്നും ദൈവം നിശ്ചയിച്ചിരിക്കുന്നു.
- ❖ നന്മചെയ്തവർക്ക് സ്വർഗഭാഗ്യം ലഭിക്കും

- ❖ മാരകമായ പാപത്തിൽ ഉറച്ചുനിൽക്കുകയും മരണസമയത്തു പോലും അനുതപിക്കാതെ മരിക്കുകയും ചെയ്യുന്നവർക്ക് നിത്യനരകവും ലഭിക്കും.
- ❖ അന്ത്യനേരത്തെങ്കിലും മാനസാന്തരപ്പെടുകയും എന്നാൽ ദൈവസ്നേഹത്തിന്റെ പൂർണതയിലെത്താതെ മരിക്കുകയും ചെയ്യുന്നവർ ശുദ്ധീകരണത്തിലൂടെ പൂർണത പ്രാപിക്കും.
- ❖ ശുദ്ധീകരണസ്ഥലത്തിൽ കഴിയുന്നവർക്കുവേണ്ടി നമ്മൾ പ്രാർത്ഥിക്കേണ്ടതാണ്.

**b) മനോഭാവം**

- ❖ നന്മചെയ്തു ജീവിച്ച് സ്വർഗത്തിലെത്താനുള്ള താല്പര്യം.
- ❖ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള ഉത്സാഹം .

**c) ശീലം**

- ❖ പാപവും പാപസാഹചര്യങ്ങളും ഉപേക്ഷിക്കുന്നു.
- ❖ ജീവിതകർത്തവ്യങ്ങൾ ശരിയായി നിർവഹിച്ച് നന്മയിൽ വളരുന്നു.
- ❖ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി ദിവസവും പ്രാർത്ഥിക്കുന്നു.

## III. ബോധനോപാധികൾ

ഏതെങ്കിലുമൊരു തീർത്ഥാടനത്തിന്റെ ചിത്രം, പൊതുവിധിയുടെ ചിത്രം, ശുദ്ധീകരണസ്ഥലത്തുനിന്നും ആത്മാക്കളെ രക്ഷിക്കുന്ന ചിത്രം. തിരുവചനക്കാർഡുകൾ

വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

## IV. പാഠാവതരണം

കുട്ടികൾ നടത്തിയിട്ടുള്ള ഏതെങ്കിലുമൊരു തീർത്ഥാടനത്തിന്റെ ചിത്രം (മലയാറ്റൂർ, ഭരണങ്ങാനം........) അവതരിപ്പിച്ച് ചർച്ചയിലൂടെ ക്ലാസ് ആരംഭിക്കാം. ഇസ്രായേലിന്റെ തീർത്ഥാടന ചരിത്രം കഥാരൂപത്തിലവതരിപ്പിക്കുക. പൊതുവിധിയെക്കുറിച്ചുള്ള ദൈവവചനഭാഗം വായിച്ച് അതിനെ അടിസ്ഥാനമാക്കി ഒരു ചിത്രം വരച്ച് ക്ലാസിൽ

പ്രദർശിപ്പിക്കുക. അല്ലെങ്കിൽ ആ വചനം എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുക. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുക.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ ചെയ്യുക)

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 10; പേജ് 362-374]

**ഉത്തരം കണ്ടെത്താം**

1. പേജ് 62 ഖണ്ഡിക 1
2. പേജ് 62 ഖണ്ഡിക 2; പേജ് 63 ഖണ്ഡിക 1
3. പേജ് 65 ഖണ്ഡിക 2
4. പേജ് 63 ഖണ്ഡിക 4, 5
5. പേജ് 65 ഖണ്ഡിക 4; പേജ് 64 ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. നിങ്ങളുടെ മരണശേഷം മറ്റുള്ളവർ നിങ്ങളെക്കുറിച്ചു പറയാൻ സാധ്യതയുള്ള 5 കാര്യങ്ങൾ എഴുതുക.
2. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെ നിങ്ങൾക്ക് എങ്ങനെയൊക്കെ സഹായിക്കാമെന്നു ചർച്ച ചെയ്ത് നടപ്പാക്കുക.

# 11
# സഭ ഏകമാണ്

## I. ആമുഖം

വിശ്വാസികളുടെ കൂട്ടായ്മയായ സഭ വിശ്വാസം, കൂദാശ, ശ്ലൈഹികകൂട്ടായ്മ എന്നിവയിൽ ഐക്യം പുലർത്തുന്നു. എന്നാൽ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയിൽ വൈവിധ്യവുമുണ്ട്. ഈ വൈവിധ്യം സഭാകൂട്ടായ്മയെ തളർത്തുകയല്ല വളർത്തുകയാണു ചെയ്യുന്നത്. തിരുസഭയിൽ ഇന്ന് 24 വ്യക്തിസഭകളുണ്ട്. ഇവയുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ. ഒരോ വ്യക്തിസഭയും അതതിന്റെ പാരമ്പര്യവും പ്രത്യേകതകളും കാത്തുസൂക്ഷിക്കാൻ കടപ്പെട്ടിരിക്കുന്നു. സീറോമലബാർസഭയും ഒരു വ്യക്തിസഭയാണ്. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ഈശോ സ്ഥാപിച്ച സഭ ഏകമാണ്. ഈ സഭ വ്യക്തിസഭകളുടെ കൂട്ടായ്മയായിട്ടാണ് നിലനിൽക്കുന്നത്
- ഈ സഭകൾ വിശ്വാസം, കൂദാശകൾ, ശ്ലൈഹികനേതൃത്വം എന്നിവയിൽ ഐക്യം പുലർത്തുന്നു ; ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയിൽ വ്യത്യസ്തത പുലർത്തുന്നു.
- എല്ലാ സഭകൾക്കും തുല്യ പദവിയാണുള്ളത്.
- സീറോമലബാർ സഭ ഒരു വ്യക്തിസഭയാണ്.
- പൗരസ്ത്യ സുറിയാനി ആരാധനക്രമമാണ് തദ്ദേശിയമായ അനുരൂപണങ്ങളോടുകൂടി സീറോമലബാർസഭയ്ക്കുള്ളത്.

സീറോമലബാർ സഭയും കൽദായസഭയും പൗരസ്ത്യ സുറിയാനി ആരാധനാക്രമമാണ് ഉപയോഗിക്കുന്നത്.

- ❖ ഓരോ വ്യക്തിസഭയുടെയും പാരമ്പര്യവും ചൈതന്യവും കാത്തുസൂക്ഷിക്കാൻ അതിലെ അംഗങ്ങൾക്കു കടമയുണ്ട്.

**b) മനോഭാവം**

- ❖ കത്തോലിക്കാസഭയിൽ അംഗമായിരിക്കുന്നതിൽ അഭിമാനം.
- ❖ എല്ലാ വ്യക്തിസഭകളോടുമുള്ള ബഹുമാനം.
- ❖ സീറോമലബാർസഭയുടെ പാരമ്പര്യങ്ങളും പ്രത്യേകതകളും മനസ്സിലാക്കാനും അവ പാലിക്കാനുമുള്ള താല്പര്യം .

**c) ശീലം**

- ❖ സീറോമലബാർസഭയുടെ ചൈതന്യത്തിൽ ജീവിക്കുന്നു.
- ❖ എല്ലാ കത്തോലിക്കരോടും സ്നേഹവും ആദരവും പുലർത്തുന്നു.

## III. ബോധനോപാധികൾ

24 വ്യക്തിസഭകളെയും അവയുടെ കുടുംബങ്ങളെയും വ്യക്തമാക്കുന്ന ചാർട്ട്, തിരുവചനക്കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV. പാഠാവതരണം

മുന്തിരിച്ചെടിയുടെ ഉപമ കഥാരൂപത്തിലോ കവിതാരൂപത്തിലോ

(മുന്തിരിച്ചെടിയല്ലോ ഞാൻ

നിങ്ങളതിൻ ശാഖകളും

നിങ്ങളെന്നിൽ വസിക്കുകിൽ

പൂത്തുതളിർക്കും... എന്ന ഗാനം, ക്രിസ്തുഗാഥയിലെ പ്രസക്ത വരികൾ, സ്വയം നിർമ്മിക്കുന്നകവിതകൾ മുതലായവ) അവതരിപ്പിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം. മുന്തിരിവള്ളിയുടെ ചിത്രവും ഉപയോഗിക്കാം. കേരളത്തിലുള്ള കത്തോലിക്കേതര സഭകളെക്കുറിച്ചു ചർച്ച ചെയ്യാം. 24 വ്യക്തിസഭകൾ ഏവയെന്ന് ചാർട്ടിന്റെ സഹായത്തോടെ വിശദമാക്കുക.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ)

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 11; പേജ് 426- 430]

**ഉത്തരം കണ്ടെത്താം**

1. പേജ് 70 ഖണ്ഡിക 2,3
2. പേജ് 69 ഖണ്ഡിക 3,4; പേജ് 70 ഖണ്ഡിക 1
3. പേജ് 70 ഖണ്ഡിക 4
4. പേജ് 71 ഖണ്ഡിക 1
5. പേജ് 70 ഖണ്ഡിക 3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. 'വർത്തമാനപുസ്തകം' പരിചയപ്പെടുത്തുക.

12

# സഭ പരിശുദ്ധമാണ്

## I. ആമുഖം

പരിശുദ്ധനായ ദൈവത്തിന്റെ സ്വന്തമായ സഭയും പരിശുദ്ധയാണ്. അതേസമയം പാപികളും ബലഹീനരുമായ മനുഷ്യരാണ് സഭയിലുള്ളത്. അതിനാൽ അവൾ വിശുദ്ധീകരിക്കപ്പെടേണ്ടവളുമാണ്. ഈശോയുടെ തിരുരക്തത്താലും തിരുവചനത്താലും കൂദാശകളാലും കൂദാശാനുകരണങ്ങളാലും നമ്മൾ വിശുദ്ധീകരിക്കപ്പെടുന്നു. നോമ്പും ഉപവാസവും പ്രാർത്ഥനയും മറ്റു വിശുദ്ധീകരണ മാർഗങ്ങളാണ്. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ കത്തോലിക്കാസഭ ദൈവത്തിന്റെ സ്വന്തമാകയാൽ അത് പരിശുദ്ധമാണ്.
- ❖ സഭയിലെ അംഗങ്ങൾ ബലഹീനരും പാപികളുമായ മനുഷ്യരായതിനാൽ സഭ വിശുദ്ധീകരിക്കപ്പെടേണ്ടവളുമാണ്.
- ❖ സഭാംഗങ്ങളായ നാമോരോരുത്തരും വിശുദ്ധിയിൽ വളരുന്നതനുസരിച്ച് സഭ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കും.
- ❖ ഈശോ കുരിശിലെ ബലി വഴിയായി നമ്മെ വിശുദ്ധീകരിച്ചിരിക്കുന്നു. കൂദാശകളിലൂടെയും തിരുവചനത്തിലൂടെയും കൂദാശാനുകരണത്തിലൂടെയും ഈ വിശുദ്ധി നാം സ്വന്തമാക്കണം.
- ❖ നോമ്പും ഉപവാസവും പ്രാർത്ഥനയും നമ്മെ പാപക്കറകളിൽ നിന്നും സംരക്ഷിച്ച് വിശുദ്ധിയിലേയ്ക്കു നയിക്കുന്ന മാർഗങ്ങളാണ്.
- ❖ സ്വന്തം ജീവിതാവസ്ഥയുടെ കടമകൾ വിശ്വസ്തതാപൂർവ്വം നിറവേറ്റിക്കൊണ്ട് സ്നേഹത്തിന്റെ പൂർണത നേടുമ്പോഴാണ് നാം വിശുദ്ധി പ്രാപിക്കുന്നത്.

**b) മനോഭാവം**

- സഭയിലെ വിശുദ്ധീകരണ മാർഗങ്ങളോടു സഹകരിക്കാനുള്ള താല്പര്യം.
- ജീവിത വിശുദ്ധി പാലിക്കാനുള്ള ജാഗ്രത

**c) ശീലം**

- തിരുവചനം വായിച്ചു ധ്യാനിക്കുന്നതിനും കൂദാശകൾ സ്വീകരിക്കുന്നതിനും നിഷ്ഠപുലർത്തുന്നു.
- ജീവിത കടമകൾ വിശ്വസ്തതയോടെ നിറവേറ്റുന്നു.

## III. ബോധനോപാധികൾ

വിശുദ്ധരുടെ ചിത്രങ്ങൾ ഒട്ടിച്ചു രൂപപ്പെടുത്തിയ ഒരു ശരീരത്തിന്റെ ചാർട്ട് (ശിരസ്സായി ഈശോയുടെ ചിത്രം), വിവിധങ്ങളായ തെറ്റുകളിലകപ്പെട്ട സഭാമക്കളെക്കുറിച്ചുള്ള പേപ്പർ കട്ടിംഗ്സ് ഒട്ടിച്ച ഒരു ശരീരത്തിന്റെ ചാർട്ട് (ശിരസ്സായി ഈശോയുടെ ചിത്രം, കൊളാഷ്), സഭയുടെ വിശുദ്ധിയെ പ്രതിപാദിക്കുന്ന തിരുവചനങ്ങൾ രേഖപ്പെടുത്തിയ ചാർട്ട്, തിരുവചനക്കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

## IV. പാഠാവതരണം

വിശുദ്ധരെ ചേർത്തു നിർമ്മിച്ച ചാർട്ടും പാപികളെക്കുറിച്ചുള്ള വാർത്തകൾ കൊണ്ടു നിർമ്മിച്ച ചാർട്ടും പ്രദർശിപ്പിച്ചുകൊണ്ട് ചർച്ചയിലൂടെ പാഠത്തിലേയ്ക്കു കടക്കുന്നു. നാം വിശുദ്ധരാകുമ്പോൾ സഭാഗാത്രവും വിശുദ്ധമാകുമെന്നും നാം തിന്മ ചെയ്യുമ്പോൾ സഭയുടെ മുഖം വികൃതമാകുന്നുവെന്നും ചർച്ചയിലൂടെ വ്യക്തമാകണം. പരിശുദ്ധി പാലിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ച് അറിവു നൽകുന്ന തിരുവചനങ്ങൾ പറയിക്കുന്നു.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ)

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 11; പേജ് 431– 460]

**ഉത്തരം കണ്ടെത്താം**

1. പേജ് 73 ഖണ്ഡിക 1
2. പേജ് 74 ഖണ്ഡിക 2
3. പേജ് 77 ഖണ്ഡിക 3
4. പേജ് 77 ഖണ്ഡിക 2
5. പേജ് 76 ഖണ്ഡിക 5

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. പരിശുദ്ധരാകുവാനുള്ള ആഹ്വാനംനൽകുന്ന ബൈബിൾവാക്യങ്ങൾ കഴിയുന്നിടത്തോളം കണ്ടെത്തുക.

# 13
# സഭ ശ്ലൈഹികമാണ്

## I. ആമുഖം

കത്തോലിക്കാസഭ ശ്ലീഹന്മാരാകുന്ന അടിത്തറമേൽ പണിയപ്പെട്ടതാണ് . ശ്ലീഹന്മാരുടെ വചനപ്രഘോഷണ ഫലമായാണ് വിവിധ സ്ഥലങ്ങളിൽ ക്രൈസ്തവസമൂഹങ്ങൾ രൂപം കൊണ്ടത്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായതിനാൽ സീറോമലബാർ സഭയ്ക്കും ശ്ലൈഹിക പാരമ്പര്യമുണ്ട്. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരാണ് ഇന്ന് സഭയിലെ ശ്ലൈഹിക സാന്നിദ്ധ്യം. ശ്ലൈഹികാടിത്തറയുള്ള സഭയിൽ അഭിമാനിക്കുവാനും വ്യാജസഭകളെ തിരിച്ചറിയാനും ഈ പാഠം സഹായിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ സഭ സ്ഥാപിതമായിരിക്കുന്നത് ശ്ലീഹന്മാരാകുന്ന അടിത്തറയിലാണ്; ഈശോയാണ് മൂലക്കല്ല്.
- ❖ ശ്ലീഹന്മാരുടെ സാക്ഷ്യവും പ്രഘോഷണവുമാണ് സഭയുടെ വളർച്ചയ്ക്ക് കളമൊരുക്കിയത്.
- ❖ ശ്ലീഹന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ.
- ❖ പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങളിൽ മെത്രാന്മാർ പങ്കുചേർക്കപ്പെട്ടിരിക്കുന്നു.
- ❖ മെത്രാന്മാരുടെ കൂട്ടായ്മയാണ് സഭയെ നയിക്കുന്നത്. ഈ കൂട്ടായ്മയുടെ തലവൻ മാർപാപ്പയാണ്.
- ❖ സീറോമലബാർസഭ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയാണ്.

**b) മനോഭാവം**

- ❖ ശ്ലൈഹികസഭയിൽ അംഗമായിരിക്കുന്നതിലുള്ള അഭിമാനം.
- ❖ മെത്രാന്മാരോടും വൈദികരോടും ഉള്ള ആദരവ് .

**c) ശീലം**

- ❖ പെന്തക്കോസ്തൽ സമൂഹങ്ങളുടെ അബദ്ധപ്രബോധനങ്ങളിൽ നിന്നും അകന്നു നിൽക്കുന്നു.
- ❖ സഭാപ്രബോധനങ്ങൾ താല്പര്യപൂർവ്വം അനുസരിക്കുന്നു.

## III. ബോധനോപാധികൾ

ഈശോയുടെ വചനം ശ്രവിക്കുന്ന അപ്പസ്തോലന്മാരുടെയും, ശ്ലീഹന്മാർ വചനം പ്രഘോഷിക്കുന്നതിന്റെയും, മാർത്തോമ്മാശ്ലീഹായുടെയും, മാർപാപ്പയുടെയും, മേജർ ആർച്ചുബിഷപ്പിന്റെയും, മെത്രാന്മാരുടെ സിനഡിന്റെയും,രൂപതാധ്യക്ഷന്മാരുടെയും ചിത്രങ്ങൾ, തിരുവചനക്കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

## IV. പാഠാവതരണം

ഈശോയുടെ വചനം ശ്രവിക്കുന്ന ശ്ലീഹന്മാരുടെ ചിത്രങ്ങൾ വചനം പ്രഘോഷിക്കുന്ന ശ്ലീഹന്മാരുടെ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം. ശ്ലീഹന്മാരുടെ വിശ്വാസാനുഭവമാണ് സഭയുടെ അടിസ്ഥാനമെന്നു വ്യക്തമാക്കിയ ശേഷം ശ്ലീഹന്മാരിലൂടെയും അവരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെയും തുടരുന്ന ത്രിവിധ ദൗത്യങ്ങൾ വിശദമാക്കാം. തോമ്മാശ്ലീഹായുടെ ചിത്രം പ്രദർശിപ്പിച്ചുകൊണ്ട് ചോദ്യങ്ങളിലൂടെ ഭാരതസഭയും തോമ്മാശ്ലീഹായുമായുള്ള ബന്ധം വിശദമാക്കാം. മാർപാപ്പ, മേജർആർച്ചുബിഷപ്പ്, രൂപതാധ്യക്ഷൻ എന്നിവരുടെ ചിത്രം കാണിച്ച് സഭാഗാത്രത്തിൽ അവർക്കുള്ള സ്ഥാനവും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിൽ നൽകിയിട്ടുള്ള നിർദേശങ്ങൾ അനുസരിച്ചു ചെയ്യാൻ ശ്രദ്ധിക്കുക

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 12; പേജ് 534– 548]

**ഉത്തരം കണ്ടെത്താം**

1. പേജ് 80 ഖണ്ഡിക 1
2. പേജ് 80 ഖണ്ഡിക 2
3. പേജ് 81 ഖണ്ഡിക 3
4. പേജ് 83 ഖണ്ഡിക 2
5. പേജ് 82 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. സീറോമലബാർ സഭയിലെ രൂപതകളും അവയുടെ ഇടയന്മാരും ആരെന്നു കണ്ടെത്തി എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുക. ചിത്രങ്ങൾ ചേർക്കുന്നത് അഭിലഷണീയമാണ്.

## 14

# സഭ സാർവത്രികമാണ്

## I. ആമുഖം

ലോകത്തിലെല്ലായിടത്തും സന്നിഹിതയായിക്കൊണ്ട് എല്ലാവർക്കും രക്ഷയുടെ മാർഗമാകാൻ സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു. ജാതി മത വർഗ വർണ ഭേദമില്ലാതെ എല്ലാവരെയും ഉൾക്കൊള്ളുവാൻ കടപ്പെട്ടവളായ സഭയുടെ മക്കളും ജീവിതത്തിൽ ഈ സാർവ്വത്രിക സ്വഭാവം വ്യക്തമാക്കണം. ഈ ആശയം ഗ്രഹിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ സഭ ലോകത്തിലെല്ലായിടത്തും സന്നിഹിതയായിക്കൊണ്ട് എല്ലാവർക്കും രക്ഷയുടെ മാർഗമായി തീരുന്നു.
- ❖ ജാതി മത വർഗ വർണ ഭേദമില്ലാതെ എല്ലാവരേയും രക്ഷയിലേയ്ക്കാനയിക്കുവാൻ അവൾ നിയുക്തയായിരിക്കുന്നു.
- ❖ പാശ്ചാത്യവും പൗരസത്യവുമായ പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ജീവിതത്തിൽ സ്വീകരിക്കപ്പെടുകയും ചെയ്യുമ്പോഴാണ് സഭയുടെ കാതോലികത പ്രകടമാകുന്നത്.
- ❖ സഭയുടെ വിശ്വാസരഹസ്യങ്ങളെ വിശ്വാസികൾക്കു വ്യാഖ്യാനിച്ചു കൊടുക്കുന്നതിനും കാലാകാലങ്ങളിൽ സഭയിൽ ഉണ്ടായിട്ടുള്ള തെറ്റായ പഠനങ്ങളെ തിരുത്തുന്നതിനും വേണ്ടിയാണ് 21 സാർവ്വത്രിക സൂനഹദോസുകൾ കൂടിയിട്ടുള്ളത്.

### b) മനോഭാവം

- ❖ എല്ലാവരേയും സ്നേഹിക്കുകയും ഈശോയെക്കുറിച്ച് അവരോടു സംസാരിക്കുകയും ചെയ്യുക എന്റെ കടമയാണെന്ന ഉത്തരവാദിത്വബോധം.

- ❖ പാശ്ചാത്യ പൗരസ്ത്യ പാരമ്പര്യങ്ങളെക്കുറിച്ചു മതിപ്പ് .

c) ശീലം

- ❖ സർവ്വ മനുഷ്യരോടും അവസരോചിതമായി വചനം പങ്കുവയ്ക്കുന്നു.
- ❖ പൗരസ്ത്യ പാരമ്പര്യങ്ങൾ പഠിക്കുകയും പാലിക്കുകയും ചെയ്യുന്നു.

## III. ബോധനോപാധികൾ

പാഠപുസ്തകത്തിലെ കടുകുമരത്തിന്റെ ചിത്രം, വിവിധ ദേശക്കാരും ഭാഷക്കാരും തിരുവചനം ശ്രവിക്കുകയോ വിശുദ്ധ കുർബാനയർപ്പിക്കുകയോ ചെയ്യുന്നതിന്റെ ചിത്രം, സഭയുടെ സാർവ്വത്രിക സ്വഭാവം വ്യക്തമാക്കുന്ന തിരുവചനക്കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

## IV. പാഠാവതരണം

പാഠപുസ്തകത്തിലെ ചിത്രം ഉപയോഗിച്ച് കടുകുമണിയുടെ ഉപമ വിശദീകരിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം. വിവിധ ദേശക്കാരും ഭാഷക്കാരും തിരുവചനം ശ്രവിക്കുകയോ വിശുദ്ധ കുർബാനയർപ്പിക്കുകയോ ചെയ്യുന്നതിന്റെ ചിത്രത്തിലൂടെ സഭയുടെ സാർവ്വത്രിക സ്വഭാവം വ്യക്തമാക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ)

**മാതൃസഭയെ അറിയാൻ**

[ഭാരതസഭാചരിത്രം (റവ. ഡോ. സേവ്യർ കൂടപ്പുഴ) അദ്ധ്യായം 13; പേജ് 555- 560]

**ഉത്തരം കണ്ടെത്താം**

1. പേജ് 85 ഖണ്ഡിക 2
2. പേജ് 86 ഖണ്ഡിക 2, 3
3. പേജ് 86 ഖണ്ഡിക 4
4. പേജ് 87 ഖണ്ഡിക 1
5. പേജ് 87 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. സഭാതരു ഇനിയും വേരുപിടിച്ചിട്ടില്ലാത്ത രാജ്യങ്ങൾക്കും സ്ഥലത്തിനും വേണ്ടി പ്രാർത്ഥിക്കുക.

## 15

# മറിയം സഭയുടെ മാതാവും മാതൃകയും

## I. ആമുഖം

കുരിശിൻചുവട്ടിൽവച്ച് മാതാവിനെ യോഹന്നാന് ഏല്പിച്ചുകൊടുത്തതുവഴി നമ്മെ ഓരോരുത്തരേയും ഈശോ മാതാവിനെ ഏല്പിച്ചിരിക്കുന്നു. അതിനാൽ മാതാവിന്റെ മാധ്യസ്ഥ്യം തേടുവാനും മാതൃക അനുകരിക്കുവാനും നമുക്കു കടമയുണ്ട് എന്ന ബോധ്യം കുട്ടികൾക്കു ലഭിക്കത്തക്കവിധം പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ കുരിശിൻ ചുവട്ടിൽ വച്ച് ഈശോ മറിയത്തെ നമുക്ക് അമ്മയായിത്തന്നു.
- ❖ മറിയം സഭയുടെ അമ്മയും പ്രതിരൂപവും മാതൃകയുമാണ്.
- ❖ മറിയത്തെപ്പോലെ വിശ്വാസത്തിലും ഉപവിയിലും മിശിഹായോടുള്ള വിശ്വസ്തതയിലും നമ്മൾ വളരണം.
- ❖ ജപമാല, തീർത്ഥാടനം, നോമ്പാചരണം, തിരുനാളാഘോഷങ്ങൾ എന്നിവയിലൂടെയെല്ലാം മരിയഭക്തി പ്രകടമാക്കാം.
- ❖ ബുധനാഴ്ചയാചരണവും യാമപ്രാർത്ഥനയിലെ സ്തുതിപ്പുകളും പൗരസ്ത്യരുടെ ദൈവമാതൃഭക്തിയുടെ പ്രകടനങ്ങളാണ്.

### b) മനോഭാവം

- ❖ പരിശുദ്ധ അമ്മയോടുള്ള സ്നേഹവും ആശ്രയത്വവും.
- ❖ അമ്മയുടെ മാതൃകയനുസരിച്ച് ദൈവഹിതത്തിനു കീഴ്വഴങ്ങി ജീവിക്കാനുള്ള താൽപര്യം .

**c) ശീലം**

- ❖ മരിയഭക്തിയിൽ വളരുന്നു.
- ❖ ജപമാല എന്നും ഭക്തിപൂർവ്വം ജപിക്കുന്നു.

## III. ബോധനോപാധികൾ

മാതാവിന്റെ ചിത്രം, മാതാവിനെക്കുറിച്ചുള്ള അപ്പസ്തോലിക പ്രബോധനങ്ങൾ, മാതാവിന്റെ തിരുനാളുകൾ രേഖപ്പെടുത്തിയ ചാർട്ട്, തിരുവചനക്കാർഡുകൾ, ജപമാല, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ഭാരതസഭാചരിത്രം

## IV. പാഠാവതരണം

കുരിശിൻ ചുവട്ടിൽ നിൽക്കുന്ന പരിശുദ്ധ അമ്മയുടെ ചിത്രം പ്രദർശിപ്പിച്ചുകൊണ്ട് ചോദ്യങ്ങളിലൂടെ പാഠത്തിലേയ്ക്കു കടക്കാം. മറിയത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്ന തിരുവചനങ്ങൾ കുട്ടികളെക്കൊണ്ടു പറയിക്കാം. അവ ബൈബിളിൽ നിന്നും കണ്ടെത്തി ചാർട്ടാക്കുക. മരിയഭക്തിയുടെ വിവിധ രൂപങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാം. യാമപ്രാർത്ഥനയിൽ നിന്നും മാതാവിന്റെ സ്തുതിപ്പുകൾ കണ്ടെത്തി അവതരിപ്പിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാം പാഠത്തിലേതുപോലെ)

**മാതൃസഭയെ അറിയാൻ**

'സിനഡൽ ന്യൂസ് വാല്യം 1 - 5

**ഉത്തരം കണ്ടെത്താം**

1. പേജ് 90 ഖണ്ഡിക 2
2. പേജ് 90 ഖണ്ഡിക 3
3. പേജ് 91 ഖണ്ഡിക 3
4. പേജ് 92 ഖണ്ഡിക 4
5. പേജ് 93

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

1. 'പരിശുദ്ധ കന്യാമറിയത്തിന്റെ ജപമാല' എന്ന ശ്ലൈഹിക പ്രബോധനം പരിചയപ്പെടുത്തുക.
2. മാതാവിന്റെ നാമത്തിലുള്ള ഏതെങ്കിലുമൊരു പള്ളി സന്ദർശിച്ചു പ്രാർത്ഥിക്കുക.